"ഭരണഭാഷ - മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - 'ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം' പ്രകാരം ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കുള്ള ഒറ്റത്തവണ ധനസഹായം - അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31.03.2022 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.60/2022/TSM തീയതി, തിരുവനന്തപുരം, 08-03-2022

---

പരാമർശം:
1. 26.08.2020ലെ സ. ഉ. (സാധാ.) 279/2020/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
2. 28.12.2020ലെ സ. ഉ. (സാധാ.) 388/2020/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
3. 01.06.2021ലെ സ. ഉ. (സാധാ.) 154/2021/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
4. 12.07.2021ലെ സ. ഉ. (സാധാ.) 187/2021/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
5. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 06.02.2022ലെ എം4 - 8468/2020 നമ്പർ കത്ത്

**ഉത്തരവ്**

'കോവിഡ് 19' മഹാമാരി മൂലം പ്രതിസന്ധിയിലായ ഹൗസ് ബോട്ട് മേഖലയെ സഹായിക്കാനായി പരാമർശത്തിലെ ആദ്യ ഉത്തരവ് പ്രകാരം ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുകയും അതിനുള്ള മാർഗനിർദേശങ്ങൾ രൂപീകരിക്കുകയും ചെയ്തിരുന്നു. പിന്നീട് 'ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം' പ്രകാരം ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കുള്ള ഒറ്റത്തവണ ധനസഹായത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി പരാമർശത്തിലെ രണ്ടും മൂന്നും നാലും ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ച് 31.12.2021 വരെ നീട്ടി.

എന്നാൽ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ പല സംരംഭകർക്കും സാധിച്ചിട്ടില്ലെന്നു ഹൗസ് ബോട്ട് ഉടമകൾ അറിയിച്ചതായി പരാമർശത്തിലെ കത്തിൽ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥരുടെ കുറവ് മൂലവും 'കോവിഡ് 19' മഹാമാരി മൂലവും രണ്ട് മാസമായി തുറമുഖ വകുപ്പിൽ നിന്നു സർവേ നടക്കാത്തതിനാലും എസ്റ്റിമേറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാനും കാലതാമസം നേരിടുന്നതിനാലും ഗ്രാന്റിന് അപേക്ഷിക്കാൻ സാധിക്കാത്തതിനാലും ധനസഹായത്തിന് അപേക്ഷിക്കാനുള്ള കാലാവധി 31.03.2022 വരെ ദീർഘിപ്പിക്കണമെന്ന് ഹൗസ് ബോട്ട് ഉടമസ്ഥരുടെ സംഘടനകൾ അഭ്യർത്ഥിച്ചിരുന്നു.

ഈ ആവശ്യം ന്യായമാണെന്നതു പരിഗണിച്ചും അർഹരായവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കാനുമായി 'ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം' പ്രകാരമുള്ള ഒറ്റത്തവണ ധനസഹായത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി 31.03.2022 വരെ നീട്ടണമെന്നു വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 'ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം' പ്രകാരം ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കുള്ള ഒറ്റത്തവണ ധനസഹായത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി 31.03.2022 വരെ ദീർഘിപ്പിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇ സഹീദ്
അഡിഷണൽ സെക്രട്ടറി

സ.ഉ.(സാധാ) നം.60/2022/TSM

പകർപ്പ്:

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001

മത്സ്യബന്ധന, തുറമുഖ വകുപ്പ്

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം - 695 010

വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (നമ്പർ: ടൂർ എ4/25/2022 - ടൂർ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ